# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 256** — **04/06/2018-ൽ മറുപടിയ്ക്ക്**

## വൈറസ് രോഗങ്ങൾ കണ്ടെത്തുവാനുള്ള സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, വി.ടി.ബൽറാം<br>,, വി.എസ്.ശിവകുമാർ | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | വൈറസ് രോഗങ്ങളുടെ ചികിത്സയിൽ പാലിക്കേണ്ട അടിസ്ഥാന മാനദണ്ഡ പ്രകാരമുള്ള സൗകര്യങ്ങൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ലഭ്യമാണോ; | എ) | ലഭ്യമാണ്. |
| ബി) | ചികിത്സ പ്രോട്ടോക്കോൾ സംബന്ധിച്ചും ചികിത്സകരുടെ സുരക്ഷ സംബന്ധിച്ചുമുള്ള കാഴ്ചപ്പാടുകളിൽ ആരോഗ്യവകുപ്പ് എത്രമാത്രം മുന്നേറിയിട്ടുണ്ട്; വ്യക്തമാക്കുമോ; | ബി) | നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ധ സംഘം ഒരു മാർഗ്ഗരേഖ ഉണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയച്ചു നൽകുകയും ചെയ്തു. നിപരോഗ ബാധയുള്ളവരുമായും, രോഗം സംശയിക്കുന്നവരുമായും, ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളടങ്ങിയ കിറ്റ്, എൻ 95 മാസ്ക്, 3 പാളികളുള്ള മാസ്ക്, കൈയ്യുറകൾ, എപ്രോണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു. |
| സി) | പേരാമ്പ്ര താലൂക്ക് ആശുപത്രിയിലെ താല്ക്കാലിക നഴ്സ് ആയിരുന്ന ലിനിയുടെ മരണം ചികിത്സകരുടെ സുരക്ഷ സംബന്ധിച്ചുള്ള കാഴ്ചപ്പാടിലുണ്ടായ പരാജയമാണെന്ന് കരുതുന്നുണ്ടോ; | സി) | ഇല്ല. |
| ഡി) | നാളിതുവരെ സംസ്ഥാനം കേട്ടിട്ടില്ലാത്ത നിപ പോലുള്ള വൈറസ് രോഗങ്ങൾ സംസ്ഥാനത്തെ കീഴ്പ്പെടുത്തുമ്പോൾ അവയെ കണ്ടെത്തുവാനുള്ള സംവിധാനം നമ്മുടെ ആശുപത്രികളിൽ നിലവിലുണ്ടോ; | ഡി) | NIV പൂനെയുടെ ഒരു യൂണിറ്റ് ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നുണ്ട്. |
| ഇ) | മികച്ച സൗകര്യമുള്ള വൈറോളജി ലാബുകൾ സർക്കാരിന് കീഴിൽ | ഇ) | 1. National Institute of Virology (NIV) യുടെ ഒരു യൂണിറ്റ്, സർക്കാർ |

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്; അവിടെ നിപ വൈറസ് പോലുള്ള രോഗാണുക്കളെ കണ്ടെത്തുന്നതിനുള്ള സംവിധാനമുണ്ടോ; | | മെഡിക്കൽ കോളേജ് ആലപ്പുഴയിലുണ്ട്.<br>2. Rajeev Gandhi Centre for Biotechnology (RGCB), പൂജപ്പുര, തിരുവനന്തപുരം<br>3. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ വൈറോളജി ലാബ് പ്രവർത്തിക്കുന്നുണ്ട്.<br>NIV ആലപ്പുഴയിൽ നിപ്പാ വൈറസ് പോലുള്ള രോഗാണുക്കളെ കണ്ടെത്തുന്നതിനുള്ള സംവിധാനമുണ്ട്. |
| എഫ്) | കോഴിക്കോട് മെഡിക്കൽ കോളേജിൽ വൈറോളജി ലാബ് സ്ഥാപിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് അനുമതി നൽകിയിട്ടുണ്ടോ; അതിനായി എന്ത് തുക അനുവദിച്ചു; പ്രസ്തുത ലാബിന്റെ പ്രവർത്തനം ഇതിനകം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി അത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | എഫ്) | മുൻ സർക്കാരിന്റെ കാലത്ത് 6.58 കോടി രൂപയുടെ VRDL പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് കേന്ദ്ര-വിഹിതമായി 16.10.2015 ൽ 3.29 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. നിബന്ധനകൾ പ്രകാരം ആയതിന്റെ Utilization Certificate അയയ്ക്കുകയും കേന്ദ്ര വിഹിതമായ ആവർത്തന ചെലവുകൾക്കായുള്ള അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് Basic Level ലാബ് പ്രവർത്തനക്ഷമമാകുന്നതാണ്. നിപ്പാ ഉൾപ്പെടെയുള്ള മാരക വൈറസുകളെ കണ്ടുപിടിക്കുന്നതിനായി Level II വൈറോളജി ലാബുകൾ സ്ഥാപിക്കേണ്ടതായുണ്ട്. ആയതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി മൈക്രോബയോളജി വിഭാഗം തലവനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ